# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 1825** — **17.06.2013-ൽ മറുപടിയ്ക്ക്**

## പട്ടികജാതി പെൺകുട്ടി പീഡിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ബി. സത്യൻ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| **(എ)** | ശ്രീകാര്യം പോലീസ് സ്റ്റേഷൻ പരിധിയിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടി പീഡിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട കേസ് അന്വേഷണം (ക്രൈം നമ്പർ 1345) ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | **(എ)** | ശ്രീകാര്യം പോലീസ് സ്റ്റേഷൻ പരിധിയിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടി പീഡിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ശ്രീകാര്യം പി.എസ് -ൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 1345/12 കേസിലേയ്ക്ക് ആവലാതിക്കാരിയുടേയും മാതാവ് ഷീജയുടേയും മൊഴി CrPC 164 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതും ആവലാതിക്കാരിയുടേയും പ്രതിയുടേയും ഡി.എൻ.എ പരിശോധന നടത്തിയിട്ടുള്ളതും ടി കേസിൻമേൽ അന്വേഷണം നടന്ന് വരികയുമാണ്. |
| **(ബി)** | പെൺകുട്ടിയുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | **(ബി)** | പ്രസ്തുത വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് ബഹു. പട്ടികജാതി/പിന്നാക്ക സമുദായവും ടൂറിസവും വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും **1,00,000/-** (ഒരു ലക്ഷം രൂപാ മാത്രം) രൂപയും പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരമുള്ള ധനസഹായത്തിന്റെ ആദ്യഗഡു തുക |

| | | | |
|---|---|---|---|
| | | | യായ 60,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ടി കുടുംബത്തിന് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചു വരുന്നു |
| (സി) | കേസുമായി ബന്ധപ്പെട്ട ചാർജ് ഷീറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഈ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**